ലേഖനം നമ്പർ 24

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**ഖണ്ഡിപ്പിനു ശേഷം രഹസ്യങ്ങളുടെ ആഘോഷം :**

ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്കു ശേഷം തിരശ്ശീല നീക്കുകയും, ഒരു ആമുഖ പ്രാർത്ഥനയ്ക്കുശേഷം കതൃപ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. ഇത് രണ്ടാം പ്രാവശ്യമാണ് തിരശ്ശീല നീക്കുന്നത്. സ്വർഗ്ഗം തുറക്കുന്നതിനെയും കർത്താവ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനെയും തിരശ്ശീല നീക്കുന്നത് സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണം മൂലം മനുഷ്യന് ദൈവത്തിങ്കലേക്കുള്ള പ്രവേശനം ലഭിച്ചതിനെയും ഇതു സൂചിപ്പിക്കുന്നു. തന്റെ ശരീരം എന്ന തിരശ്ശീലയിലൂടെ അവൻ നമുക്ക് ജീവന്റെ പുതുവഴി തുറന്നിരിക്കുന്നു. (എബ്രാ 10:12). തിരശ്ശീല നീക്കിയതിനുശേഷം പട്ടക്കാരൻ ആമുഖ പ്രാർത്ഥനയായി ഇപ്രകാരം ചൊല്ലുന്നു. ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെ പിതാവായ ദൈവമേ, ക്രൂബേന്മാർ നിന്നെ സ്തുതിക്കുകയും, സ്രോഫേന്മാർ നിനക്കു കാദിശ് പാടുകയും ചെയ്യുന്നു. വിവേക ബുദ്ധിയുള്ള സൈന്യങ്ങളുടെ ആയിരമായിരങ്ങളും പതിനായിരംപതിനായിരങ്ങളും നിന്നെ പുകഴ്ത്തുന്നു. സൗരഭ്യ വാസനയായി നിനക്കർപ്പിക്കുന്ന കാഴ്ചകളേയും, ഫലങ്ങളെയും നീ ശുദ്ധീകരിച്ച് പൂർത്തിയാക്കുന്നു. നിർമ്മല ഹൃദയത്തോടും, ലജ്ജകൂടാത്ത മുഖത്തോടും കൂടെ സ്വർഗ്ഗസ്ഥനായ പിതാവാം ദൈവമെ എന്ന് നിന്നെ വിളിച്ചു പ്രാർത്ഥിക്കുവാൻ ഞങ്ങളെല്ലാവരുടെയും ശരീരാത്മദേഹികളെ ശുദ്ധീകരിക്കേണമെ.

യേശുക്രിസ്തുവിന്റെ ഉയിർപ്പോടെ ദൈവമക്കളായി തീർന്നവർക്ക് ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള സ്വാതന്ത്ര്യവും അധികാരവും ലഭ്യമായിരിക്കുന്നു. പിതാവിനോട് മക്കൾ എന്നപോലെ സ്നേഹത്തിന്റെ ദൃഢതയോടും വിശ്വാസത്തിന്റെ ഉറപ്പോടും എല്ലാവരും പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു. നമ്മുടെ പ്രിയ രക്ഷകന്റെ പ്രാർത്ഥനയെ സഭ പരസ്യമായും രഹസ്യമായും ഭക്തിയോടെ അംഗീകരിക്കുന്നു എന്നൊരു പ്രഖ്യാപനവും, ഏറ്റവും വിശിഷ്ടവുമായ സമർപ്പണ പ്രാർത്ഥനയുമാണ് കർതൃപ്രാർത്ഥന. കർത്താവിന്റെ പീഢാനുഭവവും മരണവും പിതാവാം ദൈവത്തെ പ്രസാദിപ്പിക്കുവാൻ മതിയായവയായിരുന്നു. തന്മൂലം താൻ ഉയിർത്ത് പിതാവിന്റെ വലതുഭാഗത്ത് ഇരുന്നുകൊണ്ട് നമ്മൾ നഷ്ടപ്പെടുത്തിയ പുത്രത്വ പദവി നമുക്ക് നൽകിക്കൊണ്ട് കർത്താവ് പിതാവിനെ എങ്ങിനെ അഭിസംബോധന ചെയ്തുവോ അതുപോലെ നാമും പിതാവിനെ അഭിസംബോധന ചെയ്യുവാനുള്ള പദവിയാണ് നമുക്ക് നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് ഈ സമയത്ത് കർതൃപ്രാർത്ഥന ചൊല്ലുവാൻ നമുക്ക് സാധിക്കുന്നത്. യെറുശലേമിലെ വി. കുറീലോസ്, സെന്റ് ജോൺ ക്രിസോസ്റ്റം തുടങ്ങിയ എല്ലാ പൗരസ്ത്യ പിതാക്കന്മാരും വി. കുർബ്ബാന അനുഭവത്തിനുള്ള ഒരുക്കമായിട്ടാണ് കർതൃപ്രാർത്ഥനയെ കാണുന്നത്. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഞങ്ങൾക്ക് തരണമെ എന്ന വാക്കുകൾ വി. കുർബ്ബാനയ്ക്കുള്ള യാചനയായിട്ടാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്.

തുടർന്ന് പട്ടക്കാരൻ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന് ചൊല്ലിക്കൊണ്ട് കർതൃപ്രാർത്ഥന ആരംഭിക്കുന്നു. വിശ്വാസികൾ കൈകൾ രണ്ടും മലർത്തിപ്പിടിച്ച് കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തി വേണം കർത്തൃ പ്രാർത്ഥന ചൊല്ലുവാൻ. നിന്റെ തീരുനാമം പരിശുദ്ധമാക്കപ്പെടേണമെ...... രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു, ആമ്മീൻ....." എന്ന് നിർത്തി നിർത്തി ചൊല്ലി ജനം കർത്തൃപ്രാർത്ഥന പൂർത്തീകരിക്കുന്നു. കർത്തൃപ്രാർത്ഥനയുടെ പ്രാധാന്യം വർണ്ണനാതീതമാണ്. നമ്മുടെ എല്ലാ പ്രാർത്ഥനകളുടേയും സത്ത ഇതിൽ അടങ്ങിയിരിക്കുന്നെന്നു പറയാം. കർത്താവുതന്നെ ശ്ലീഹേന്മാരെ പഠിപ്പിച്ചതാണല്ലോ. ആറ് അപേക്ഷകളാണ് ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നത്. ആദ്യത്തെ മൂന്നപേക്ഷകൾ ദൈവത്തെ സംബന്ധിച്ചും, പിന്നത്തെ മൂന്നെണ്ണം മനുഷ്യനെ സംബന്ധിച്ച് ദൈവത്തോടുള്ള അപേക്ഷകളും, അവസാന വാചകമായ "എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു, ആമ്മീൻ" എന്നത് യഹൂദന്മാർ അവരുടെ പ്രാർത്ഥനകളുടെ അന്ത്യത്തിൽ ഉപയോഗിച്ചിരുന്നതാണ്. അതുതന്നെയാണ് കർത്താവും ഉപയോഗിച്ചത്.

കർത്തൃപ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ പട്ടക്കാരൻ "നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ" എന്നാശംസിക്കുന്നു. ജനം അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ എന്ന് പ്രതിവാക്യമായി ചൊല്ലുന്നു. തുടർന്ന് ശുശ്രൂഷക്കാരൻ "അണക്കപ്പെട്ട ഈ വിശുദ്ധരഹസ്യങ്ങളെ" കൈക്കൊള്ളുന്നതിനു മുമ്പ്, വീണ്ടും കരുണയുള്ള കർത്താവിന്റെ തിരുമുമ്പാകെ തങ്ങളുടെ തലകളെ കുനിക്കണം എന്ന് ആഹ്വാനം ചെയ്യുന്നു. ■

(തുടരും...)

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 03-05-2015**
**Mr. Jacob Kurian**, Maria Bhavan, Fr. Mannuel Road, (FMRA-117), Kathrikadavu. Ph: 2343876, Mob: 9846059929

**St. Thomas Unit (North - Pachalam Area) 17-05-2015**
**Mr. P.K. Primson**, Al Puja, Nivedyam Apt. North - Pallikavu Temple, Vaduthala Gate. Mob: 9605027623

**St. Gregorios Unit (Elamkulam-Kadvanthra Area) 24-05-2015**
**Mr. Sam George**, Belair 9C, Panampilly Nagar, Ph: 2318075

*മെയ് 31 ന് സംയുക്ത പ്രാർത്ഥനായോഗം കത്തീഡ്രലിൽ ഉണ്ടായിരിക്കും.*




Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 05 MAY 2015

ഇടയ ലേഖനം

# അപരിചിതനായ സഹയാത്രികൻ

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത**

യരുശലേമിൽ നിന്നും "ജീവിക്കാനുള്ള"പ്രേരണയോടെ, പ്രാണരക്ഷാർത്ഥം എമ്മാവൂസ് എന്ന സ്ഥലത്തേക്ക് രക്ഷപ്പെടാൻ യാത്ര ചെയ്യുന്ന ക്രിസ്തുശിഷ്യനായ ക്ലെയോപ്പാവും സ്നേഹിതനും സാധാരണ മനുഷ്യർ തന്നെ. സ്വപ്നങ്ങൾ വ്യർത്ഥങ്ങളാവുകയും, ഭാവി ഇരുളടഞ്ഞതായി ഭവിക്കുകയും ചെയ്യുമ്പോൾ, സാമാന്യ മനുഷ്യനു മുമ്പിൽ "തെരഞ്ഞെടുക്കാ"നുള്ള വഴികൾ ചുരുങ്ങും. അവർ ക്രിസ്തുവിന്റെ ശിഷ്യരായിരുന്നുവെങ്കിലും ഭയവും ആശങ്കയും ഒഴിഞ്ഞിരുന്നില്ല. യരുശലേമിൽ നിന്നു രക്ഷപ്പെടുക എന്നതായിരിക്കണം അവരുടെ ഉദ്ദേശ്യം. ക്രിസ്തുവിന്റെ സ്നേഹിതർക്ക് ഇനി യരുശലേം സുരക്ഷിതമല്ല എന്നത് സാമാന്യമായ അറിവുമാത്രമായിരുന്നു. അങ്ങനെ രക്ഷപ്പെടുന്നത് "ദൈവോദ്ദേശ്യ" മായിത്തന്നെ അവർ കരുതിയിരിക്കണം. അങ്ങനെ പലായനം ചെയ്യുന്നവർക്കാണ് ക്ഷണിക്കപ്പെടാതെ അപരിചിതനായ മറ്റൊരു യാത്രക്കാരനെ ലഭിച്ചത്. അദ്ദേഹവും "പലായനം" നടത്തുന്ന ആളായിരിക്കുമോ?

പലായനം ചെയ്യുന്നവനല്ല, പലായനം ചെയ്തവരെ അന്വേഷിച്ചു വരുന്നവനായിരുന്നു ആ അജ്ഞാതൻ.

(1) സുവിശേഷകൻ നേരിടേണ്ടി വരാവുന്ന "risk" ആണ് ഇവിടെ ഒരു ചിന്താവിഷയം. അതുകണ്ട് അവർ ഭയപ്പെടാൻ സാധ്യതയുണ്ട്. അത്തരം സന്നിഗ്ദ്ധാവസ്ഥകളോടുള്ള പ്രതികരണവും പല തരത്തിലായിരിക്കും. രക്ഷപ്പെടാൻ ശ്രമിക്കുന്നവരായിരിക്കാം ഏറെ. സുവിശേഷകർക്ക് മാത്രമല്ല ഇത്തരം അനുഭവങ്ങൾ ഉണ്ടാകുക. അപ്രതീക്ഷിതവും അസഹനീയവുമായ ആഘാതങ്ങൾ പലരേയും "പിന്മാറ്റക്കാരാ" ക്കിയേക്കാം. ഇവിടെ ക്രിസ്തീയ ജീവിതത്തിന്റേയും ആത്മീകതയുടെയും ചുരുളഴിയുന്നു. ക്രിസ്തീയ ജീവിതത്തിന്റെ പ്രാണനിൽ നിറഞ്ഞുനിൽക്കുന്നത് വേദനയാണെന്നുള്ളത് കണ്ണുതുറപ്പിക്കുന്ന ഒരു തിരിച്ചറിവാണ്.

(2) അവിടെ, വഴിയടഞ്ഞുവെന്നു തോന്നിപ്പോകുന്ന രംഗത്ത്, അജ്ഞാതനായ സഹയാത്രികൻ എത്തിച്ചേരുന്നു. മൽക്കിസദേക്കിനെപ്പോലെ, യാത്രക്കാരോടു ചേരാൻ അദ്ദേഹം എപ്പോൾ, എവിടെ നിന്നു വന്നു എന്നത് അവ്യക്തമാണ്. യാദൃശ്ചികമായല്ല; യാത്രികരെ അന്വേഷിച്ചു വന്നതാണെന്ന് അനന്തര സംഭവങ്ങൾ വെളിവാക്കുന്നു. നഥാനിയേൽ ദൂരെ വൃക്ഷത്തിൻ കീഴിലിരിക്കുമ്പോൾ കണ്ടയാൾ തന്നെയാണിത്; മരിച്ചുയർത്തവൻ -ക്രിസ്തു.

(3) ആരാണെന്നു സ്വയം വെളിപ്പെടുത്താതെയാണ് സംഭാഷണം. വെളിപ്പെടുത്തിയിരുന്നുവെങ്കിൽ സംഭവങ്ങൾ ഇങ്ങനെയൊന്നും ആകുകയില്ലായിരുന്നു എന്ന് അൽപ്പം ചിന്തിച്ചാൽ ബോദ്ധ്യമാകും. അവിടുന്ന്, അവിടുത്തെ രീതിയിൽ സ്വയം വെളിവാക്കും. മനുഷ്യർ പ്രതീക്ഷിക്കുന്നതുപോലെയായിക്കൊള്ളണമെന്നില്ല.



ഇവിടെ നവസഹയാത്രികൻ ആധികാരികമായി പഠിപ്പിക്കുന്ന ഗുരുവാണ്. അത് താൽപ്പര്യപൂർവ്വം ഗ്രഹിക്കുന്നതിനുള്ള വിനയവും, തുറന്ന മനസ്സും പലായനം നടത്തുന്ന രണ്ടു ശിഷ്യർക്കുമുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്.

അദ്ദേഹം യാത്ര തുടരുകയാണ്, പലായനക്കാരെ തേടി. പക്ഷേ ആ സാന്നിദ്ധ്യം അഭിലഷിക്കുന്നവരോടൊപ്പം രാപ്പാർക്കാൻ വരാൻ തയ്യാറുമാണ്. അങ്ങനെ അവർ ഒരുക്കപ്പെട്ടു: വി.കുർബ്ബാനയിലേക്കാണ് അവർ എത്തിയത്; മറ്റൊരു സെഹിയോൻ മാളികയിൽ. ഇവിടെ കർത്താവു തന്നെയാണ് കാർമ്മികൻ. വിശുദ്ധ വസ്തുക്കൾ സ്വീകരിച്ചതോടെ അവർക്ക് "കാഴ്ച" യുണ്ടായി. ക്രിസ്തു അവരിലായി. അദ്ദേഹത്തിന്റെ വാഗ്ദാനവും അതായിരുന്നുവല്ലോ: "ഞാൻ അവനിലും, അവൻ എന്നിലും വസിക്കും." അപ്പോഴേക്കും ആ സഹയാത്രികൻ മറഞ്ഞു: യഥാർത്ഥത്തിൽ അവരുടെ ഉള്ളിൽ അവൻ പ്രവേശിച്ചു.

പിന്നെ അവർക്ക് വെറുതെയിരിക്കാനാവില്ല; പലായനചിന്തയുമില്ല. ആ നിമിഷത്തിൽ തന്നെ അവർ മടക്കയാത്രയാരംഭിച്ചു. "എങ്കലേക്കു മടങ്ങി വരുവിൻ; ഞാനും നിങ്ങളുടെ അടുക്കലേക്കു മടങ്ങി വരാം" എന്ന വാഗ്ദാനം മലാഖി പ്രവാചകൻ വഴി നൽകിയിട്ടുമുണ്ട്. അവർ എവിടെനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുവോ, ആ സ്ഥലത്തേക്കു തന്നെ അവർ തിരിച്ചെത്തി. യഥാർത്ഥ പലായനം "തെറ്റി"ൽ നിന്നും "ശരി" യിലേക്കുള്ളതാണ്. അത് ഇവിടെ നിറവേറി.

അവരുടെ മടങ്ങിവരവ്, മറ്റു ശിഷ്യന്മാർക്ക് ഗുണപാഠവും ഉറപ്പുമായി. പലായനം ചെയ്യാൻ ആലോചിച്ചവർക്കും വീണ്ടുവിചാരമുണ്ടായിക്കാണണം. യേശു എന്നും എപ്പോഴും നമ്മെക്കാണുന്നു, എന്നും കൂടെയുണ്ടുതാനും. ആകാശത്തിൽ കൂടുകെട്ടിയാലും, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താലും, ദൈവസ്നേഹം നമ്മെ തേടിയെത്തുകതന്നെ ചെയ്യും. ഇനി കർത്താവിനെ എപ്പോഴും ഭൗതിക കണ്ണുകൾകൊണ്ടു കണ്ടില്ലെങ്കിലും സാരമില്ല. "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പാകെ വെച്ചിരിക്കുന്നു" എന്നുണ്ടല്ലോ. അത് സാധകന്റെ മാനസീകാവസ്ഥയാണ്. അതിന് ഒരു സ്ഥിരഭാവമുണ്ട്.

അപരിചതനായ ഈ യാത്രക്കാരൻ, നമ്മോടൊപ്പവുമുണ്ട്. അദ്ദേഹം നമ്മെയും കാണുന്നു. നമ്മിലെ ധാരണ പിശകുകൾ മാറ്റാൻ അദ്ദേഹം കൂടെ വന്നേ തീരൂ. യഥാർത്ഥ ഗുരു അവിടുന്ന് മാത്രം. ചിലപ്പോൾ നമ്മുടെ സ്വന്തം "pet" ചിന്തകളിൽ കുടുങ്ങിക്കിടക്കുമ്പോൾ അദ്ദേഹം വിളിക്കും. "ബുദ്ധിഹീനരേ" ! ■

## വികാരിയുടെ കത്ത്

# മോശയുടെ ദൈവബന്ധം

ഫാ. അലക്സ് പി. ജോർജ്ജ്



വിശുദ്ധ വേദ പുസ്തകത്തിലെ അതിശക്തനായ കഥാപാത്രമാണ് മോശ. അഭേദ്യമായ ദൈവബന്ധമാണ് മോശയെ ശ്രേഷ്ഠനാക്കുന്നത്. മോശയുടെ ദൈവബന്ധത്തിന്റെ ആരംഭം പ്രത്യക്ഷമായി നാം കാണുന്നത് പുറപ്പാട് 3:1-14 വാക്യങ്ങളിലാണ്. മോശയുടെ ദൈവബന്ധത്തിന്റെ ആരംഭം കുറിക്കുന്ന 5 പടികൾ കുറിക്കട്ടെ.

**1. 3:1 – അവൻ ആടുകളെ മേയിച്ച് ദൈവത്തിന്റെ പർവ്വതം വരെ ചെന്നു.**

മോശ ദൈവത്തെ അറിയുന്നതിന്റെ തുടക്കം ഇവിടെയാണ്. രണ്ട് കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. തന്റെ ആടുകൾക്ക് വേണ്ടി ഭക്ഷണം തേടി ഏതറ്റം വരെയും പോകുവാൻ മോശ തയ്യാറായിരുന്നു. ഈ പർവ്വതം ദൈവത്തിന്റെ പർവ്വതമാണെന്ന് ഒരു പക്ഷെ മോശ അറിഞ്ഞിരിക്കാൻ സാദ്ധ്യതയില്ല. തന്റെ ആടുകളെ വിശ്വസ്തതയോടെ മേയിച്ച്, ഭക്ഷണം അന്വേഷിച്ച് അലയുന്ന മോശയെ ദൈവം കണ്ടു. മോശയുടെ ഉത്സാഹവും വിശ്വസ്തതയും ദൈവം കണക്കിലെടുത്തു. നമ്മുടെ ദൈനംദിന ഉത്തരവാദിത്വങ്ങൾ ചെറുതാകട്ടെ വലുതാകട്ടെ, വിശ്വസ്തതയോടും ധൈര്യത്തോടും ചെയ്യുവാൻ നമുക്കു സാധിക്കുന്നുണ്ടോ? തമ്പുരാൻ പറഞ്ഞിട്ടുണ്ടല്ലോ! “അല്പത്തിൽ വിശ്വസ്തനായ മനുഷ്യാ, നിന്നെ ഞാൻ അധികത്തിലും വിശ്വസ്തനാക്കും.”

**2. 3:2 മുൾപ്പടർപ്പിൽ തീ കത്തുന്നത് കണ്ട് നോക്കി**

തന്റെ ദൈനംദിന ജീവിതത്തിൽ ഒരു കാഴ്ച മോശ കാണുകയാണ്. മുൾപടർപ്പ് കത്തുന്നത് മാത്രമല്ല മുൾപടർപ്പ് എരിയാതിരിക്കുന്നതും മോശ കണ്ടു. ഒരു കാഴ്ച കാണുക മാത്രമല്ല, അതിന്റെ പ്രത്യേകതകളും മോശ ശ്രദ്ധിച്ചു. സാധാരണ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകൾ നമുക്ക് കാണുവാൻ സാധിക്കുന്നുണ്ടോ? നാം ശ്രദ്ധിക്കാറില്ല എന്നതാണ് സത്യം. ഇന്ദ്രിയങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുന്നില്ല എന്നത് പുതിയ തലമുറയിലെ പ്രശ്നം. ചെവിയിൽ ഹെഡ്ഫോണും തിരുകി, തലകുനിച്ച് പോകുന്ന യുവജനങ്ങൾ ഇന്ന് ഏറിവരുകയാണ്. ഇന്ദ്രിയങ്ങൾ തുറന്നിരിക്കുന്ന, തലകൾ നിവർന്ന മനുഷ്യരെയാണ് നമുക്ക് ആവശ്യം.

**3. 3:4 – ദൈവം വിളിച്ചു, മോശ കേട്ടു:**

മുൾപ്പടർപ്പിൽ നിന്നുള്ള വിളി മോശ കേട്ടു. വി. വേദത്തിൽ പഴയനിയമവും പുതിയ നിയമവും പഠിക്കുമ്പോൾ ദൈവത്തിന്റെ വിളി ശ്രദ്ധിച്ച് ആത്മീയതയുടെ ഉന്നതിയിലേക്ക് കയറിയ അനേക മനുഷ്യരുണ്ട്. ദൈവം വിളിക്കുന്നത് ചില ഉത്തരവാദിത്വങ്ങളിലേക്കാണ്. ഏറ്റെടുക്കുവാൻ ധൈര്യമുള്ളവർക്ക് ദൈവത്തിന്റെ കൂടെ യാത്ര ചെയ്യാം.

**4. 3:5 – വിശുദ്ധ ഭൂമിയാകയാൽ ചെരിപ്പ് അഴിക്കുക.**

തന്റെ വിളി കേട്ട് മോശയോട് ദൈവത്തിന്റെ കല്പന ‘കാലിലെ ചെരുപ്പ് അഴിക്കുക’ എന്നതാണ്. വിശുദ്ധ ഭൂമിയിൽ നിന്നും നമ്മെ അകറ്റുന്നതെന്തും ജീവിതത്തിൽ ഒഴിവാക്കുക എന്നർത്ഥം. വിശുദ്ധ ഭൂമിയിൽ നിന്ന് അകറ്റുന്ന ചെരുപ്പ് അഴിച്ചതിനുശേഷമാണ് ദൈവം ആരാണെന്ന് മോശയോട് പറയുന്നത്. നമുക്ക് ഈ വെളിപ്പെടുത്തൽ ലഭിക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ദൈവത്തിൽനിന്ന് അകറ്റുന്ന പലതും നമ്മുടെ ജീവിതത്തിൽ ഇനിയും ശേഷിക്കുന്നുണ്ട് എന്നതാണ്.

**5. 3:13– ദൈവത്തിന്റെ പേര് ചോദിക്കുന്ന മോശ**

താൻ കണ്ട ദൈവത്തിന്റെ പേര് ചോദിക്കണമെന്ന് മോശയ്ക്ക് മനുഷ്യബുദ്ധിയിൽ തോന്നിയതാകാം. പക്ഷെ, അവിടെ നിന്നും മോശ വളർന്നു. ദൈവത്തിന്റെ തേജസ്സ് കാണുവാനുള്ള ഭാഗ്യം മോശയ്ക്കുണ്ടായി.

ദൈവ-മനുഷ്യബന്ധത്തെ എങ്ങനെ വളർത്തിയെടുക്കാമെന്ന് വ്യക്തമായി തെളിയിച്ച വ്യക്തിയാണ് മോശ. പേര് ചോദിച്ച മോശ കുറെ കഴിയുമ്പോൾ നിന്റെ മുഖം കാണണമെന്ന് ദൈവത്തോട് പറഞ്ഞു. മറ്റ് പ്രവാചകന്മാരോട് സംസാരിച്ചത് പോലയല്ല ഞാൻ മോശയോട് സംസാരിച്ചത്, മുഖാമുഖമായി തന്നെ സംസാരിച്ചു എന്ന് ദൈവം മോശയെക്കുറിച്ച് പുറ 12:8 ൽ പറയുന്നുണ്ട്. നമ്മുടെ ദൈവബന്ധത്തിൽ വീഴ്ചകൾ ഉണ്ടെങ്കിൽ മോശയുടെ മാതൃക പാഠമാണ്. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസാ

എളമക്കര പുലിക്കോട്ടിൽ ശ്രീ ഡാർവിൻ ഡേവിഡിന്റേയും ശ്രീമതി റിയ ഡാർവിന്റേയും മകൻ **ഡേവിഡ് ഡാർവിൻ** 18-4-2015 ൽ മാമോദീസാ സ്വീകരിച്ചു.

പച്ചാളം പുലിക്കോട്ടിൽ ശ്രീ. സിബി ചാർളിയുടെയും ശ്രീമതി ഗീത സിബിയുടേയും മകൾ **Erin Mariam Siby** 18-4-2015 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം

തേവര പുരക്കൽ കോർട്ടിൽ ശ്രീ. പി. ജേക്കബ്ബിന്റേയും ശ്രീമതി ലൈല ജേക്കബ്ബിന്റേയും മകൻ **Johan P. Jacob** ഉം കോട്ടയം അഞ്ചേരിൽ ശ്രീ. ജോർജ്ജ് ജോണിന്റേയും ശ്രീമതി സെറീന ജോണിന്റെയും മകൾ **Aruna Elizabeth George** ഉം തമ്മിലുള്ള വിവാഹം 25-4-2015 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വി. കുർബ്ബാനസമയം

| | |
|---|---|
| **എളംകുളം ചാപ്പൽ:** | May 10 - 7.00 am, May 17 - 10.30 am, May 24 - 07.00 am, June 07 - 10.30 am |
| **സെമിത്തേരിമുക്ക് ചാപ്പൽ:** | May 17 - 07.30 am, June 07 - 07.30 am |
| | എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am |

### മർത്തമറിയം വനിതാ സമാജം

18-04-2015 ൽ പടമുകൾ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽവച്ചു നടന്ന തെക്കൻ മേഖല ഭദ്രാസന മത്സരങ്ങളിൽ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ മർത്തമറിയം വനിതാ സമാജം 2-ാം സ്ഥാനം കരസ്ഥമാക്കി.

***Juniors***

**1.Christina Mariam Chacko**

| | |
|---|---|
| Bible Reference | - I prize |
| Single Song | - II prize |
| Elocution | - II prize |
| Verses Writing | - II prize |

**2. Mariam George**

| | |
|---|---|
| Verses Writing | - III prize |

***Seniors***

**1. Joyce Johnson**

| | |
|---|---|
| Single Song | - II prize |
| Bible Reference | - III prize |

***Super Seniors***

**1. Molly Koshy**

| | |
|---|---|
| Elocution | - III prize |

**2. Susan John**

| | |
|---|---|
| Verses Writing | - I prize |

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| മെയ് | 14 വ്യാഴം | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| | 15 വെള്ളി | കതിരുകൾക്കുവേണ്ടിയുള്ള വി.ദൈവമാതാവിന്റെ ഓർമ്മ |
| | 16 ശനി | യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| | 24 ഞായർ | പെന്തിക്കോസ്തി ഞായർ |
| | 29 വെള്ളി | സ്വർണ്ണ വെള്ളി |





## എഡിറ്റോറിയൽ

# ദൈവത്തിനിഷ്ടം പശ്ചാത്തപിക്കുന്നവരെ

ഒരിക്കൽ ഒരു യുവാവ് പൂർണ്ണമായി മദ്യപിച്ച് ഒരു പട്ടക്കാരന്റെ വീട്ടിൽ കയറിച്ചെന്നു. ഞാൻ ആകെ തകർന്നു പോയി. ഞാൻ എന്റെ ജീവിതത്തെത്തന്നെ വെറുക്കുന്നു. ഞാൻ ധാരാളം തെറ്റുകൾ ചെയ്തു. പല തവണ മദ്യപാനം നിറുത്തുമെന്നു ഞാൻ നിശ്ചയിച്ചെങ്കിലും അതു സാധിച്ചില്ല. ഞാൻ കുഴഞ്ഞചേറ്റിൽ വീണതുപോലെ അറിയാതെ തന്നെ പിന്നെയും പിന്നെയും തെറ്റിലേക്ക് പോകുകയാണ്. അതുകൊണ്ട് ഞാൻ ദൈവത്തെപ്പറ്റി ഓർക്കുകപോലും ചെയ്യാതെ ജീവിക്കുവാൻ നിശ്ചയിക്കയാണ് എന്നു പറഞ്ഞു. ഇതു മുഴുവൻ സമാധാനത്തോടെ കേട്ടുനിന്ന പുരോഹിതൻ ഇങ്ങനെ മറുപടി പറഞ്ഞു. “സഹോദരാ, നീ ക്രിസ്തുവിലേക്കുള്ള പാതയുടെ ആദ്യ പടിയിൽ പ്രവേശിച്ചു കഴിഞ്ഞു. നീ ചെയ്യുന്നത് തെറ്റാണെന്നുള്ള അറിവും, ആ പാപങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള കഴിവുകേടും നല്ലവണ്ണം മനസ്സിലാക്കുകയായിരുന്നു. രക്ഷകണ്ടെത്താനുള്ള ഒന്നാമത്തെ മാർഗ്ഗം. ഇതു മനസ്സിലാക്കുന്നവരെയാണ് കർത്താവിനു രക്ഷിക്കുവാൻ സാധിക്കുന്നത്. ആ യുവാവ് പിന്നീട് വിജയകരമായി ക്രിസ്തീയ ജീവിതം നയിച്ചു.

യേശു പാപികളെ രക്ഷിക്കുവാനാണ് ലോകത്തിലേക്കു വന്നത്. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയേയും, കുരിശിൽ കിടന്ന കള്ളനെയും ഒരുപോലെ യേശു സ്വീകരിക്കയാണ് ചെയ്തത്. നാം ഏതു മോശമായ സ്ഥിതിയിലായാലും യേശുവിന്റെ അടുത്തു ധൈര്യമായി വരും. ഇതു നിമിത്തം രട്ടുടുപ്പിൻ, വിലപിച്ചു മുറയിടുവിൻ, യഹോവയുടെ ഉഗ്രകോപം നമ്മെ വിട്ടുമാറിയിട്ടില്ലല്ലോ (യിരെ 4:8). യരുശലേമേ നീ രക്ഷിക്കപ്പെടേണ്ടതിന് നിന്റെ ഹൃദയത്തിലെ ദുഷ്ടത കഴുകിക്കളയുക (യിരെ 4:14) ഇതൊക്കെ കാണിക്കുന്നത് ദൈവത്തോട് അടുത്തുവരാൻ എപ്പോഴും പശ്ചാത്താപമാണ് ഏകമാർഗ്ഗമെന്നാണ്. തങ്ങളുടെ ജീവിതത്തിൽ തെറ്റിപ്പോയതെവിടെയെന്നു മനസ്സിലാക്കുകയും, അവിടെ മുതൽ തിരുത്താൻ മനപ്പൂർവ്വം ശ്രമിക്കയും, ദൈവത്തോടുള്ള ആഴമായ ആശ്രയത്തിലേക്കും വിശ്വസ്തതയിലേക്കും തിരിച്ചുവരുകയും ചെയ്യണമെങ്കിൽ അനുതാപത്തിൽകൂടി മാത്രമേ സാധിക്കുകയുള്ളു.

കർത്താവ് തുടച്ചുകളയുന്ന കണ്ണുനീർ നമ്മുടെ ഒടുവിലത്തെ കണ്ണുനീരായിരിക്കും. നാം മുഴുകിയിരിക്കുന്ന പാപങ്ങളിൽ നിന്ന് പശ്ചാത്തപിച്ച് അകന്നു നിൽക്കാൻ തീരുമാനിച്ചെങ്കിൽ മാത്രമേ ദൈവത്തിന് നമ്മുടെ കണ്ണുനീർ തുടച്ച് നമ്മെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു. അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളു. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്. സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കും. ഉഷസ്സിലോ ആനന്ദഘോഷം വരുന്നു. (സങ്കീ 30:5) ദുരിതവും വേദനയും അനുഭവിക്കുന്നവർ യേശുവിലേക്കു പൂർണ്ണവിശ്വാസത്തോടെ അടുത്തുവരുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളാണ് മുകളിൽ സങ്കീർത്തനക്കാരൻ പറയുന്നത്. നമ്മുടെ പാപമെല്ലാം കഴുകികളഞ്ഞവനായ ദൈവം ഒരു ദിവസം നമ്മുടെ കണ്ണുനീരെല്ലാം തുടച്ചുകളയും.

യാചിപ്പിൻ എന്നാൽ നിങ്ങൾക്കുകിട്ടും എന്നരുളിച്ചെയ്ത ദൈവം നമ്മിൽ നിന്ന് അനുതാപവും പ്രാർത്ഥനയുമാണ് ആവശ്യപ്പെടുന്നത്. അനുതപിക്കാതെ യാചിക്കാൻ സാധിക്കയില്ല. അനുതാപത്തിന്റെ തീവ്രതയാണ് യാചനയുടെ വിശ്വസ്തത. ഏലിയാവ് കർമേൽ പർവ്വതത്തിലിരുന്ന് ഏഴു പ്രാവശ്യം പ്രാർത്ഥിച്ചപ്പോഴാണ് മഴ ലഭിച്ചത്. പല പ്രാവശ്യം പ്രാർത്ഥിക്കേണ്ടിവന്നാലും ഒരു കാര്യം നമുക്ക് ഉറപ്പിക്കാം. പശ്ചാത്തപിച്ചുള്ള പ്രാർത്ഥനക്ക് ഫലം ലഭിക്കാതെ പോകയില്ല. ■





## OVBS - 2015

നമ്മുടെ ഇടവകയിലെ OVBS ഏപ്രിൽമാസം 12-ാം തീയതിമുതൽ 17-ാം തീയതിവരെ നടന്നു. OVBS ജനറൽ സെക്രട്ടറി ഡോ. ഐപ്പ് വർഗ്ഗീസ് നമ്മുടെ OVBS സന്ദർശിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും, ഭാരവാഹികളെയും വൈദികരെയും അഭിനന്ദിക്കുകയും ചെയ്തു. 121 കുട്ടികൾ പങ്കെടുത്ത OVBS വളരെ പ്രയോജനകരമായിരുന്നു.

കുട്ടികളുടെ വിവിധ കലാപരിപാടികൾ എല്ലാ ദിവസവും 3 മണിമുതൽ 3.30 വരെ ഉണ്ടായിരുന്നു.



